പ്രകാശവചനം ● **ശമീം ചൂനൂർ**

# ചങ്ങാതിമാരെ തെരഞ്ഞെടുക്കുമ്പോൾ

**عَنْ أَبِي مُوسَى الْأَشْعَرِي رَضِيَ اللَّهُ عَنْهُ، عَنِ النَّبِيِّ ﷺ، قَالَ: إِنَّمَا مَثَلُ الْجَلِيسِ الصَّالِحِ، وَالْجَلِيسِ السَّوْءِ، كَحَامِلِ الْمِسْكِ، وَنَافِخِ الْكِيرِ، فَحَامِلُ الْمِسْكِ إِمَّا أَنْ يُحْذِيَكَ، وَإِمَّا أَنْ تَبْتَاعَ مِنْهُ، وَإِمَّا أَنْ تَجِدَ مِنْهُ رِيحًا طَيِّبَةً، وَنَافِخُ الْكِيرِ إِمَّا أَنْ يُحْرِقَ ثِيَابَكَ، وَإِمَّا أَنْ تَجِدَ رِيحًا خَبِيثَةً**

അബൂമൂസൽ അശ്അരി(റ)യിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: നല്ല കൂട്ടുകാരന്റെയും ചീത്ത കൂട്ടുകാരന്റെയും ഉപമ, കസ്തൂരി വാഹകനെയും ഉലയിലൂതുന്നവനെയും പോലെയാണ്. കസ്തൂരിക്കാരൻ ഒരു പക്ഷേ നിനക്ക് കസ്തൂരി പുരട്ടിത്തന്നേക്കും, അല്ലെങ്കിൽ നീ അവനിൽ നിന്ന് കസ്തൂരി വാങ്ങിയേക്കും, അതുമല്ലെങ്കിൽ അവന്റെ അടുക്കൽ നിന്ന് സുഗന്ധമെങ്കിലും നിനക്ക് ലഭിക്കും. ഉലയിലൂതുന്നവൻ ഒരു പക്ഷേ നിന്റെ വസ്ത്രം കരിച്ചുകളഞ്ഞേക്കാം, അല്ലെങ്കിൽ ദുഷിച്ച വാസന നിനക്ക് അനുഭവപ്പെടാം (മുസ്‌ലിം).

സ്വഭാവ രൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തുന്ന ഘടകമാണ് നമ്മുടെ ചങ്ങാതിമാർ. സമൂഹത്തിൽ നമ്മെ മാന്യരാക്കി മാറ്റുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ടവർ. ചീത്ത കൂട്ടുകാരോടുള്ള ചങ്ങാത്തം നമ്മെ സമൂഹത്തിൽ നിന്ദ്യരാക്കി തീർക്കും. കാരണം, ആത്മമിത്രങ്ങളെ ചാണിനു ചാണായി അനുകരിക്കുന്നവരാണ് മനുഷ്യരിൽ അധികപേരും. പലപ്പോഴും മാതാപിതാക്കളേക്കാൾ നാം അനുകരിക്കാറുള്ളത് നമ്മുടെ കൂട്ടുകാരെയാണ്. ഏറ്റവും കൂടുതൽ സമയം ചെലവിടാറുള്ളതും അവരോടൊപ്പമാണ്. അതുകൊണ്ടാണ് പ്രവാചകൻ പറഞ്ഞത്; "മനുഷ്യൻ തന്റെ കൂട്ടുകാരന്റെ മാർഗത്തിലായിരിക്കും. അതിനാൽ നിങ്ങൾ ആരുമായി കൂട്ടുകൂടണമെന്ന് ആലോചിച്ച് തീരുമാനിക്കുക" (അബൂദാവൂദ്, തിർമിദി). രോഗം പകരുന്ന പോലെ ചങ്ങാതിമാരിലെ പല ദുശ്ശീലങ്ങളും പലപ്പോഴും നാം പോലും അറിയാതെ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരും. അതുകൊണ്ട്, ജീവിതത്തിന്റെ ഭാഗധേയം നിർണയിക്കുന്നതിൽ നിർണായക പങ്ക് വഹിക്കാൻ കഴിയുന്ന കൂട്ടുകാരെ തെരഞ്ഞെടുക്കുമ്പോൾ വളരെ വലിയ ശ്രദ്ധ അനിവാര്യമാണ്.

പ്രവാചകൻ നല്ല കൂട്ടുകാരനെയും ചീത്ത കൂട്ടുകാരനെയും ഒരു ഉപമയിലൂടെ നമുക്ക് പരിചയപ്പെടുത്തി തരികയാണ് മേൽ ഹദീസിൽ. നല്ല കൂട്ടുകാരൻ എപ്പോഴും കസ്തൂരി ചുമക്കുന്നവനെപ്പോലെയാണ്. അവനോട് ചങ്ങാത്തം കൂടുന്നതോടെ അവന്റെ ഉൽകൃഷ്ട സ്വഭാവം അവൻ നമുക്ക് പകർന്നു തരും. അല്ലെങ്കിൽ നാം ആ സ്വഭാവത്തെ സ്വയം അനുകരിക്കാൻ ശ്രമിക്കും. അതുമല്ലെങ്കിൽ ആ മഹാമനുഷ്യന്റെ സാമീപ്യം തന്നെ മനസ്സിന് സന്തോഷമേകും. ചീത്ത കൂട്ടുകാരൻ ഉലയിലൂതുന്നവനെപ്പോലെയാണ്. ഊതിക്കാച്ചുന്ന തീക്കുണ്ഠത്തിലേക്കാണ് നമ്മെ അവൻ ക്ഷണിക്കുന്നത്. അവന്റെ തിന്മകൾ നമുക്ക് പകർന്നുതരുന്നതോടൊപ്പം നമ്മുടെ നന്മകൾ അവൻ കരിച്ചുകളയുകയും ചെയ്യും. അങ്ങനെ അവൻ നമ്മെ പരലോകത്തും തീകുണ്ഠത്തിലെത്തിക്കും. അതുകൊണ്ട് നന്മയിൽനിന്ന് തടയുന്നവരാവരുത് നാം തെരഞ്ഞെടുക്കുന്ന കൂട്ടുകാർ. നന്മ കൽപ്പിക്കുക, തിന്മ വിരോധിക്കുക എന്ന ദൗത്യനിർവഹണത്തിൽ സഹായികളാവണം വിശ്വാസിയുടെ യഥാർഥ ചങ്ങാതിമാർ. ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്ന ചൊല്ല് വിശ്വാസിയുടെ കാര്യത്തിൽ യാഥാർഥ്യമാവുന്നത് നമ്മുടെ തെറ്റുകൾ തിരുത്തുന്ന, നമുക്ക് നേരും നന്മയും പറഞ്ഞു തരുന്ന ചങ്ങാതിമാരുണ്ടാവുമ്പോഴാണ്. നല്ല കൂട്ടുകാരെക്കുറിച്ച് പ്രവാചകൻ മറ്റൊരിക്കൽ പറഞ്ഞത് ഇങ്ങനെയാണ്: "നല്ല രണ്ട് സുഹൃത്തുക്കൾ രണ്ട് കൈകൾ പോലെയാണ്. ഒന്ന് മറ്റൊന്നിനെ വൃത്തിയാക്കാൻ സഹായിക്കും. വിശ്വാസികളായ രണ്ടു പേർ പരസ്പരം കണ്ടുമുട്ടിയാൽ ഒരാളിൽ നിന്ന് മറ്റൊരാൾക്ക് എന്തെങ്കിലുമൊരു നന്മ അല്ലാഹു പ്രദാനം ചെയ്യാതിരിക്കില്ല." കൂട്ടുകാരെക്കുറിച്ച് ഖലീഫ മഅ്മൂൻ പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. "കൂട്ടുകാർ മൂന്ന് രീതിയിലുള്ളവരാണ്. ഒരു വിഭാഗം ഭക്ഷണം പോലെയാണ്. അതില്ലാതെ ആർക്കും ജീവിക്കാൻ കഴിയില്ല. മറ്റൊരു വിഭാഗം രോഗത്തിനുള്ള ഔഷധം പോലെയാണ്. ആവശ്യമുള്ള സമയം മാത്രം ഉപയോഗിക്കാം. ഇനിയും ഒരു വിഭാഗമുണ്ട്. രോഗം പോലെയാണവർ. അവരുടെ സാന്നിധ്യം ആരും ഇഷ്ടപ്പെടുകയില്ല. അത് പിടിപെട്ടാൽ ശരീരവും മനസ്സും താറുമാറാകും." ഭക്ഷണം പോലെ ജീവിതത്തിൽ അനിവാര്യമായ കൂട്ടുകാരെ തെരഞ്ഞെടുക്കുമ്പോഴാണ് ജീവിതത്തിൽ വിജയങ്ങൾ ഉണ്ടാവുക.

അല്ലാഹുവിന് വേണ്ടി സ്നേഹിക്കുകയും അവന് വേണ്ടി വെറുക്കുകയും ചെയ്യുന്ന കൂട്ടുകാർക്കാണ് അല്ലാഹുവിന്റെ സ്നേഹമുള്ളത്. ഖുദ്സിയായ ഒരു ഹദീസിൽ ഇങ്ങനെ കാണാം. "എനിക്കു വേണ്ടി പരസ്പരം സ്നേഹിക്കുന്നവർ ഉറപ്പിച്ചുകൊള്ളുക, ഞാൻ അവരെയും സ്നേഹിക്കുന്നു. ആരാണോ എനിക്ക് വേണ്ടി അന്യോന്യം ചങ്ങാത്തം സ്ഥാപിക്കുന്നത് അവരോടെനിക്കുള്ള സ്നേഹം ശാശ്വതമാകുന്നു" (അഹ്മദ്, ത്വബ്റാനി). ■